# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ: 2223 12/02/2013 - ൽ മറുപടിയ്ക്ക്

## വിചാരണത്തടവുകാരുടെ ജയിൽ മാറ്റം സംബന്ധിച്ച സുപ്രീം കോടതി വിധി

ചോദ്യം

ശ്രീ. കെ. കെ. ജയചന്ദ്രൻ

മറുപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) വിചാരണത്തടവുകാരുടെ ജയിൽ മാറ്റം സംബന്ധിച്ച് സുപ്രീം കോടതി 2012 നവംബറിൽ പുറപ്പെടുവിച്ച വിധി എന്താണെന്ന് വ്യക്തമാക്കാമോ ; | (എ) സുപ്രീം കോടതി 2012 നവംബറിൽ പുറപ്പെടുവിച്ച വിധിയുടെ പകർപ്പ് ലഭിച്ചിട്ടില്ല. |
| (ബി) ടി.പി ചന്ദ്രശേഖരൻ വധക്കേസിലെ വിചാരണത്തടവുകാരനായ ടി. കെ. രജീഷിനെ കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും കോഴിക്കോട് ജയിലിലേക്ക് മാറ്റിയത് ആരുടെ ഉത്തരവ് പ്രകാരമാണെന്നും അതിന്റെ കാരണമെന്തെന്നും വ്യക്തമാക്കാമോ ; | (ബി) ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ നിർദ്ദേശ പ്രകാരമാണ് ടി. കെ. രജീഷിനെ കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും കോഴിക്കോട് ജില്ലാ ജയിലിലേയ്ക്ക് മാറ്റി പാർപ്പിച്ചിട്ടുള്ളത്. മേൽ പ്രതിയെ ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥർ കണ്ണൂർ സെൻട്രൽ ജയിലിൽ വച്ച് ചോദ്യം ചെയ്തപ്പോൾ ക്രൈംബ്രാഞ്ച് ഉദ്യോഗസ്ഥരും ജയിലിലെ ജയിലറും ഡെപ്യൂട്ടി ജയിലറും മറ്റ് ചില ഉദ്യോഗസ്ഥരും ചേർന്ന് ക്രൂരമായി മർദ്ദിച്ചു എന്ന് തെറ്റായ വാർത്ത ചില ദൃശ്യമാധ്യമങ്ങളിലും പത്രമാധ്യമങ്ങളിലും വന്നതിനെ തുടർന്ന് ടിയാന്റെ സുരക്ഷിതത്വം കണക്കിലെടുത്തും മറ്റ് ആക്ഷേപങ്ങൾ ഒഴിവാക്കുന്നതിനും വേണ്ടിയാണ് ടിയാനെ കോഴിക്കോട് ജില്ലാ ജയിലിലേയ്ക്ക് തിരികെ അയച്ചത്. |

| | |
|---|---|
| (സി) ടി. കെ. രജീഷിനെ വിചാരണത്തടവുകാരനായി പാർപ്പിക്കേണ്ട ജയിൽ സംബന്ധിച്ച് തലശ്ശേരി ചീഫ് ജുഡീഷ്യൽ കോടതിയുടെ ഉത്തരവ് എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ; | (സി) ടി. കെ. രജീഷിനെ ക്രൈം നമ്പർ 433/12 എന്ന കേസ്സിനോടനുബന്ധിച്ച് ജുഡീഷ്യൽ ഫസ്റ്റ് ക്ളാസ് മജിസ്ട്രേട്ട് വടകര കോടതി കോഴിക്കോട് ജില്ലാ ജയിലിലേയ്ക്കാണ് ആദ്യമായി റിമാന്റ് ചെയ്തിരുന്നത്. പിന്നീട് മറ്റൊരു കേസ്സുമായി ബന്ധപ്പെട്ട് ബഹു. അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതി ടിയാനെ കോഴിക്കോട് ജില്ലാ ജയിലിലേയ്ക്ക് തന്നെ റിമാന്റ് ചെയ്യുകയും ടിയാന്റെ അപേക്ഷ പരിഗണിച്ച് 17.11.2012 ന് കണ്ണൂർ സെൻട്രൽ ജയിലിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുളളതാണ്. |
| (ഡി) ഇപ്പോഴത്തെ ജയിൽ മാറ്റം സുപ്രീം കോടതി വിധിയുടേയും ചീഫ് ജുഡീഷ്യൽ കോടതിവിധിയുടേയും ലംഘനമല്ലേ; വ്യക്തമാക്കാമോ ? | (ഡി) കേരള ജയിൽ ചട്ടങ്ങൾ 10-ഉം 496-ഉം അനുസരിച്ച് തടവുകാരെ സംസ്ഥാനത്തിനകത്തുള്ള ഒരു ജയിലിൽ നിന്നും മറ്റൊരു ജയിലിലേയ്ക്ക് മാറ്റാനുള്ള അധികാരം ജയിൽ വകുപ്പ് മേധാവിക്കുണ്ട്. ടി.കെ. രജീഷിനെ തലശ്ശേരി അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ആദ്യമായി റിമാന്റ് ചെയ്തത് കോഴിക്കോട് ജില്ലാജയിലിലേയ്ക്കാണ്. പിന്നീട് പ്രതിയുടെ അപേക്ഷ പരിഗണിച്ചാണ് കോടതി ടിയാനെ കണ്ണൂർ സെൻട്രൽ ജയിലിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് ഉത്തരവിട്ടിട്ടുളളത്. |

സെക്ഷൻ ഓഫീസർ